3940
11/10/11

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ട അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **4235/2018/റവ.** തിരുവനന്തപുരം, തീയതി, 10.10.2018.

==========================================

പരാമർശം:-
1. സ.ഉ. (കൈ) നം. 13/2018/ദു.നി.വ. തീയതി, 16.08.2018.
2. സ.ഉ. (കൈ) നം. 314/2018/റവ., തീയതി, 24.08.2018.
3. സ.ഉ. (സാധാ) നം. 3634/2018/റവ., തീയതി, 01.09.2018.
4. സ.ഉ. (സാധാ) നം. 3766/2018/റവ., തീയതി, 07.09.2018.
5. സ.ഉ. (സാധാ) നം. 4004/2018/റവ., തീയതി, 29.09.2018.
6. സ.ഉ. (സാധാ) നം. 4020/2018/റവ., തീയതി, 01.10.2018.
7. തൃശ്ശൂർ ജില്ലാ കളക്ടറുടെ 09.10.2018-ലെ കെ.3-704/2018 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് 14 ജില്ലകളിലെ 3,91,494 കുടുംബങ്ങൾക്ക് ആകെ 242.73 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം (2) പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.കൂടാതെ പരാമർശം (3) ഉത്തരവ് പ്രകാരം 36,53,72,200 രൂപയും, പരാമർശം (4) ഉത്തരവ് പ്രകാരം 3,68,09,400/- രൂപയും, പരാമർശം (5) ഉത്തരവ് പ്രകാരം 9,52,81,600/- യും പരാമർശം (6) ഉത്തരവ് പ്രകാരം 47,43,000/- രൂപയും കൂടി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുകയുണ്ടായി.

2. അനുവദിച്ച ധനസഹായത്തിന് പുറമേ അർഹരായ 2616 കുടുംബങ്ങൾക്ക് കൂടി 6,200/- രൂപ വീതം നൽകുന്നതിന് 1,62,19,200/-- രൂപ ((ഒരുകോടി അറുപത്തിരണ്ട ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) ആവശ്യമുണ്ടെന്ന് പരാമർശം (7) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന രീതിയിൽ തൃശ്ശൂർ ജില്ലയിലെ 2616 കുടുംബങ്ങൾക്ക് കൂടി ആകെ 1,62,19,200/-- രൂപ ((ഒരുകോടി അറുപത്തിരണ്ട ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജില്ല | കുടുംബങ്ങളുടെ എണ്ണം | CMDRF-ൽ നിന്നും 6,200/- രൂപ നിരക്കിൽ ആകെ തുക |
|---|---|---|
| തൃശ്ശൂർ | 2616 | 1,62,19,200 രൂപ |

3 വിതരണത്തിനാവശ്യമായി വരുന്ന 1,62,19,200- രൂപ ((ഒരുകോടി അറുപത്തിരണ്ടു ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറു രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത. എൽ.,
സ്പെഷ്യൽ സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol. K.N

സെക്ഷൻ ഓഫീസർ.